# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 1742.**

**12/06/2019 -ൽ മറുപടിക്ക്**

## സ്റ്റേറ്റ് അസ്സസ്സ്മെന്റ് & അക്രെഡിറ്റേഷൻ കൗൺസിൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.എസ്.ശിവകുമാർ | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും പ്രവർത്തനം വിലയിരുത്തി ഗ്രേഡ് നൽകുന്നതിന് സ്റ്റേറ്റ് അസ്സസ്സ്മെന്റ് & അക്രെഡിറ്റേഷൻ കൗൺസിൽ രൂപീകരിക്കാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും പ്രവർത്തനം വിലയിരുത്തി ഗ്രേഡ് നൽകുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന സ്റ്റേറ്റ് അസ്സസ്സ്മെന്റ് & അക്രെഡിറ്റേഷൻ സെന്റർ രൂപീകരിക്കാനുള്ള ശ്രമം തുടങ്ങിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി SAAC രൂപീകരിക്കേണ്ടതിന്റെ ആവശ്യകത മുൻ നിർത്തി കൗൺസിൽ മൂന്ന് കൺസൾട്ടേറ്റീവ് മീറ്റിംഗുകൾ/സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകൾക്കും കോളേജുകൾക്കും SAAC രൂപീകരിക്കുന്നത് സംബന്ധിച്ച അഭിപ്രായങ്ങൾ ലഭ്യമാക്കുന്നതിനുള്ള കരട് നിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ അയച്ചു കൊടുത്തിട്ടുണ്ട്. മേൽ പ്രവർത്തനങ്ങളിൽ നിന്നും SAAC രൂപീകരിക്കുന്നതിനാവശ്യമായ നയങ്ങൾ രൂപപ്പെടുത്താനുള്ള നടപടികൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തുടങ്ങിയിട്ടുണ്ട്. |
| (ബി) ഇതിന്റെ പ്രവർത്തനത്തിനായി എത്ര തുകയാണ് ചെലവഴിക്കാനായി മാറ്റിവച്ചിരിക്കുന്നത്; | (ബി) സാക്കിന്റെ പ്രവർത്തനങ്ങൾക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ 2019-20 സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) നിലവിൽ ദേശീയതലത്തിൽ NAAC, NIRF റാങ്കിംഗ് നിലവിലുള്ളപ്പോൾ സംസ്ഥാന തലത്തിൽ ഒരു അസ്സസ്സ്മെന്റ് ഏജൻസിയുടെ ആവശ്യമെന്താണെന്ന് വ്യക്തമാക്കുമോ; ഇതിൽ അംഗങ്ങളാകുന്നവരുടെ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്ത് നിലവിൽ ആറ് സർവ്വകലാശാലകൾക്കും 1475 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 200 ഓളം സ്ഥാപനങ്ങൾക്കും മാത്രമാണ് NAAC അക്രെഡിറ്റേഷൻ ലഭിച്ചിട്ടുള്ളത്. ഇത് കാണിക്കുന്നത് സംസ്ഥാനത്തെ ബഹുഭൂരിപക്ഷം സ്ഥാപനങ്ങളും യാതൊരുവിധ ഗുണമേന്മാ പരിശോധനയ്ക്കും വിധേയമായിട്ടില്ല എന്നതാണ്. ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് SAAC രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ഉയർന്നു വന്നത്. SAAC ന്റെ രൂപീകരണം സംബന്ധിച്ച അന്തിമ രൂപരേഖ നിശ്ചയിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**